■ ഇന്ദുശേഖർ

# ദുബായിലെ കൊല: കുലുക്കമില്ലാതെ ഇസ്രയേൽ

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ അന്താരാഷ്ട്ര തലത്തിൽ വന്ന ഏറ്റവും തമാശ നിറഞ്ഞ രാഷ്ട്രീയ പ്രഖ്യാപനങ്ങളിലൊന്നായിരിക്കും അത്. ഇസ്രയേൽ പ്രധാനമന്ത്രി ബിന്യാമിൻ നെതന്യാഹുവിനും അവരുടെ കുപ്രസിദ്ധമായ രഹസ്യപൊലീസ് ഏജൻസി മൊസ്സാദിന്റെ തലവൻ മെയർ ദാഗനും എതിരായി അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കുമെന്നതായിരുന്നു ദുബായ് പൊലീസ് മേധാവി ദഹി ഖൽഫാൻ തമിമിന് പത്രസമ്മേളനത്തിൽ പറയാനുണ്ടായിരുന്നത്. ജനുവരി 19-ന് ദുബായിലെ ഒരു ഹോട്ടൽ മുറിയിൽ ഹമാസിന്റെ നേതാക്കളിലൊരാളായ മഹ്മൂദ് അൽ-മബ്ഹൂവിനെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവത്തിലെ പ്രധാന പ്രതികൾ ഇരുവരുമാണെന്നായിരുന്നു ദുബൈ പൊലീസിന്റെ ആരോപണം. അറസ്റ്റ് എന്ന വ്യാമോഹത്തെ ഒഴിവാക്കി നിർത്തിയാൽ കൊലയിൽ ഇസ്രയേലിന്റെയും മൊസ്സാദിന്റെയും പങ്ക് ഉറപ്പിക്കാനാവശ്യമായ തെളിവുകൾ പലതും കൊലയാളികളെന്നു സംശയിക്കപ്പെടുന്നവരുടെ വീഡിയോ ദൃശ്യങ്ങൾ ഉൾപ്പെടെ ഹാജരാക്കാൻ അവർക്ക് സാധിച്ചെന്നതും വാസ്തവം. ഇംഗ്ലണ്ട്,ഫ്രാൻസ്,ജർമനി,



ഗാസ വീണ്ടും അശാന്തമാകുമോ?



മെയർ ദാഗൻ

അയർലൻഡ് തുടങ്ങിയ രാജ്യങ്ങളിലെ പൗരൻമാരുടെ അപഹരിച്ചതോ വ്യാജമോ ആയ പാസ്പോർട്ടുകൾ ഉപയോഗിച്ചാണ് ഇസ്രയേൽ ഈ കൃത്യം നിർവഹിച്ചതെന്ന കണ്ടെത്തൽ പുറമെ കാണിക്കാനെങ്കിലും ഇസ്രയേലിനെതിരെ അല്പം പൊട്ടലും ചീറ്റലും വമിപ്പിക്കാൻ ഈ രാജ്യങ്ങളെ പ്രേരിപ്പിച്ചു. തങ്ങളുടെ പൗരൻമാരുടെ പേരിലുള്ള പാസ്പോർട്ടുകൾ ദുരുപയോഗം ചെയ്തതിൽ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് മിലിബാൻഡ് 'ശക്തമായ പ്രതിഷേധം' പ്രകടിപ്പിച്ചെങ്കിലും ഇസ്രയേലുമായുള്ള ബന്ധം തങ്ങൾ വിലമതിക്കുന്നുവെന്നു പറഞ്ഞാണ് അവസാനിപ്പിച്ചത്. കൊലയാളികളെന്ന് സംശയിക്കുന്ന ഇരുപത്തേഴോളം പേർക്ക് ക്രെഡിറ്റ് കാർഡുകൾ നൽകിയിരിക്കുന്നത് അമേരിക്കയിലെ മെറ്റാ ബാങ്ക് ആണെന്ന തെളിവും എഫ്ബിഐയ്ക്ക് ദുബായ് കൈമാറിയിട്ടുണ്ട്. സക്സിനൈൽകോളൈൻ എന്ന മരുന്നുപയോഗിച്ച് മയക്കിയശേഷം ശ്വാസം മുട്ടിച്ചാണ് കൊല നടത്തിയതെന്നും യുഎഇ പറയുന്നു. പക്ഷെ ഇസ്രയേൽ നിഷേധം തുടരുന്നു. അവരുടെ വിദേശകാര്യമന്ത്രി അവിഗ്ദർ ലീബർമാൻ ഒരുപടികൂടി കടന്ന് രഹസ്യാന്വേഷണ കാര്യങ്ങൾ വെളിപ്പെടുത്താനാവില്ലെന്ന ഔദ്ധത്യം നിറഞ്ഞ സ്ഥിരം മറുപടി പ്രയോഗിക്കുകയും ചെയ്തു.

പ്രശസ്ത പത്രപ്രവർത്തകനായ റോബർട്ട് ഫിസ്ക് സൂചിപ്പിക്കുന്നതുപോലെ അറിഞ്ഞോ അറിയാതെയോ മിക്ക പാശ്ചാത്യ രാഷ്ട്രങ്ങളും നയതന്ത്ര മര്യാദയുടെയും ധാർമികതയുടെയും ഈ ലംഘനത്തിന് കൂട്ടുനിൽക്കുന്നില്ലേ? എയർ ഫ്രാൻസ് ഇപ്പോൾ തങ്ങളുടെ യാത്രക്കാരുടെ വിശദാംശങ്ങൾ അമേരിക്കയ്ക്ക് നൽകുന്നുണ്ട്. അത് ഇസ്രയേലിന് എത്താൻ പിന്നെ അധികം താമസം വേണ്ടല്ലോ? ഇതിനുംപുറമെയാണ് ഭീകരവാദികളെ 'നേരിടുന്നത്' പഠിക്കാൻ ഇന്ത്യയുൾപ്പെടെ ലോകത്തെ വിവിധ സേനകൾ ഇസ്രയേലിലേക്ക് ആളെ അയയ്ക്കുന്നത്. മൊസ്സാദിനെയാണ് ഭയം കലർന്ന ബഹുമാനത്തോടെ അവർ മാതൃകയാക്കുന്നത്. ഇപ്പോഴത്തെ കൊല ഉൾപ്പെടെ അവർ നടത്തിയ ഓപ്പറേഷനുകളുടെ ചരിത്രം അത്തരം ഒരു നിഗൂഢവലയം അവർക്ക് ചുറ്റും തീർക്കുന്നുമുണ്ട്. 1960-ൽ നാസി യുദ്ധക്കുറ്റവാളിയായ അഡോൾഫ് എയിക്ക്മാനെ അർജന്റീനയിൽ നിന്ന് തട്ടിക്കൊണ്ട് വന്ന് തൂക്കിക്കൊന്നതിൽ തുടങ്ങുന്നു അന്താരാഷ്ട്ര നിയമങ്ങളെയോ രാജ്യാതിർത്തികളെയോ തെല്ലും വകവെയ്ക്കാതെയുള്ള അവരുടെ 'വിജയചരിത്രം'. അർജന്റീന തങ്ങളുടെ പരമാധികാരം ലംഘിച്ചതിനെക്കുറിച്ചുള്ള പരാതി ഉയർത്തിയപ്പോൾ ഐക്യരാഷ്ട്രസഭാ രക്ഷാസമിതി ശാസിച്ചെങ്കിലും പിന്നീടും വിദേശമണ്ണിലെ അവരുടെ ' ഓപ്പറേഷനുകൾ' തുടർന്നു.

മ്യൂണിക്ക് ഒളിമ്പിക്സിലെ ഇസ്രയേൽ അത്‌ലറ്റുകളുടെ കൂട്ടക്കൊല നടത്തിയ ബ്ലാക്ക് സെപ്റ്റംബർ ഗ്രൂപ്പിനെ വിവിധ രാജ്യങ്ങളിൽ വെച്ച് തെരഞ്ഞുപിടിച്ച് കൊലപ്പെടുത്തി. ഇതിനിടയിൽ ആളുമാറി ഒരു മൊറോക്കൻ വെയ്റ്റർ നോർവെയിൽ കൊല്ലപ്പെട്ടിട്ടും ഓപ്പറേഷൻ റാത്ത് ഓഫ് ഗോഡ് നിർത്താൻ അവർ തയാറായില്ല. പിന്നീട് പിഎൽ ഒയുടെയും ഹമാസിന്റെയും ഹിസ്ബുള്ളയുടെയും നേതാക്കൾ, ഇറാന്റെയും ഇറാക്കിന്റെയും ആണവശാസ്ത്രജ്ഞർ എന്നിവരെല്ലാം മൊസ്സാദിന്റെ ഗൂഢമായ കെണികളിൽ കൊല്ലപ്പെട്ടു. ഇമാദ് മുഗ്നിയയെപ്പോലുള്ള ഹിസ്ബുള്ള പോലുള്ള ഹമാസ് നേതാക്കൾ കൊല്ലപ്പെട്ടത് സിറിയൻ തലസ്ഥാനമായ ഡമാസ്കസിലെ ബോംബ് സ്ഫോടനങ്ങളിലാണ്. എന്നാൽ ഇപ്പോഴത്തെ ഹമാസ് തലവനായ ഖാലിദ് മെഷാലിനെ ജോർദാനിൽ വെച്ചു വധിക്കാൻ നടത്തിയ ശ്രമം പരാജയപ്പെട്ടു. 97-ൽ. അന്നും പ്രധാനമന്ത്രി തന്നെയായിരുന്ന നെതന്യാഹു തന്നെയാണ് അതിന് ഉത്തരവിട്ടത്. ഇത്തരം വിദേശ ആക്രമണങ്ങളെയെല്ലാം സ്വയം രക്ഷാർത്ഥമെന്ന കാരണത്താൽ ന്യായീകരിക്കുകയാണ് അമേരിക്കയും പാശ്ചാത്യ ലോകവും ചെയ്തത്. ആയിരങ്ങൾ ഗാസയിൽ കൊല്ലപ്പെട്ടപ്പോഴും പൊള്ളയായ സഹതാപപ്രകടനങ്ങൾക്കപ്പുറം ഒന്നുംചെയ്യാൻ തയാറാകാത്ത ഈ പാശ്ചാത്യലോകം മറ്റൊരു പരമാധികാര രാഷ്ട്രത്തെ തങ്ങളുടെ പ്രതികാര രാഷ്ട്രീയത്തിനു വേദിയാക്കിയതിനെതിരെ ശബ്ദിക്കുമെന്ന് കരുതുകവയ്യ. തങ്ങളുടെ ഏകാധിപത്യ ഭരണകൂടങ്ങളെ സംരക്ഷിക്കാൻ അമേരിക്കയെയോ മതത്തെയോ കൂട്ടുപിടിക്കുകയും പലസ്തീൻ ദൈന്യതയെ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്ന അറബ് രാഷ്ട്രങ്ങൾ നെതന്യാഹുവിനും മൊസ്സാദിനുമെതിരെ ഉയർത്തുന്ന മപ്പടിക്കലുകൾ ചിരിപ്പിക്കുമെന്നത് മറ്റൊരു കാര്യം. ■

ആളുന്ന രോഷം: മഹ്മൂദ് അൽ-മബ്ഹൂവിന്റെ ഫോട്ടോയുമായി പിതാവ്





# ഇ-മാലിന്യം ഇന്ത്യയ്ക്കും ഭീഷണി

**പ**ഴകിയതും ഉപയോഗശൂന്യമായതുമായ ഡെസ്ക്ടോപ്പ്, ലാപ്ടോപ് കമ്പ്യൂട്ടറുകൾ,പ്രിന്ററുകൾ,മൊബൈൽ ഫോണുകൾ,റെഫ്രിജറേറ്ററുകൾ,ടെലിവിഷനുകൾ മറ്റു ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന ഇ-മാലിന്യ കൂമ്പാരങ്ങളാകും ഭാവിയിൽ ലോകം നേരിടുന്ന വലിയ ഒരു പാരിസ്ഥിതിക ഭീഷണിയെന്നു കരുതപ്പെടുന്നു. പ്രതിവർഷം 40 ദശലക്ഷം ടൺ കണ്ട് വർദ്ധിക്കുകയാണ് ആഗോള ഇ-മാലിന്യ ഉല്പാദനം. 30 ലക്ഷം ടൺ ഇ-മാലിന്യം പുറന്തള്ളുന്ന അമേരിക്ക തന്നെയാണ് പ്രമുഖ വേസ്റ്റ് ഉല്പാദകരും. രണ്ടാമത് ചൈനയും.23 ദശലക്ഷം ടൺ.

ചൈനയ്ക്ക് പുറമെ ഇന്ത്യ,ബ്രസീൽ,ദക്ഷിണാഫ്രിക്ക തുടങ്ങി ഭാവിയിലെ വമ്പൻമാരെന്ന് പ്രകീർത്തിക്കപ്പെടുന്ന രാജ്യങ്ങൾ തന്നെയാണ് അടുത്ത പത്തുവർഷത്തിനുള്ളിൽ ഇ-മാലിന്യം കുന്നുകൂട്ടുന്നതിലും മുൻപന്തിയിലെത്തുക. ഐക്യരാഷ്ട്ര സംഘടനയുടെ യുഎൻഇപി എന്ന പരിസ്ഥിതി വിഭാഗം ഈയിടെ പുറത്തിറക്കിയ റിപ്പോർട്ടിലും ഈ രാജ്യങ്ങളുടെ പങ്ക് പ്രത്യേകം എടുത്തുപറയുന്നു. 2020-ആകുമ്പോഴേക്കും പഴയ കമ്പ്യൂട്ടറുകൾ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ 2007-ലെ അവസ്ഥയിൽ നിന്ന് ഇന്ത്യയിൽ 500 ശതമാനം കണ്ടും ചൈനയിലും ദക്ഷിണാഫ്രിക്കയിലും 400 ശതമാനമായും വർദ്ധിക്കുമെന്ന് യു എൻ റിപ്പോർട്ട് പറയുന്നു. ഇന്ത്യയിൽ മൊബൈൽ ഫോൺ വേസ്റ്റ് 18 ശതമാനമായും ഉപേക്ഷിക്കപ്പെടുന്ന ടിവി സെറ്റുകൾ രണ്ട് ശതമാനമായും വർദ്ധിക്കും. ഇന്ത്യ നേരിടുന്ന മറ്റൊരു പ്രധാന ഭീഷണി ഉപേക്ഷിക്കപ്പെടുന്ന ഫ്രിഡ്ജുകൾ ഉയർത്തുന്ന പാരിസ്ഥിതിക ഭീഷണിയാണ്. മാരകമായ ക്ളോറോഫ്ലൂറോകാർബൺ, ഹൈഡ്രോക്ളോറോഫ്ലൂറോകാർബൺ വാതകങ്ങൾ അവ പുറപ്പെടുവിക്കുന്നതാണ് ആശങ്ക സൃഷ്ടിക്കുന്നത്. ഇപ്പോൾ തന്നെ ഒരുലക്ഷം ടണ്ണാണ് ഇന്ത്യ ഉല്പാദിപ്പിക്കുന്ന റെഫ്രിജറേറ്റർ മാലിന്യത്തിന്റെ അളവ്. അത് യു എൻ റിപ്പോർട്ട് പ്രവചിക്കുമ്പോലെ മൂന്നിരട്ടിയാകുമ്പോഴോ?

ഉപയോഗശൂന്യമായി ഉപേക്ഷിക്കപ്പെടുന്ന ഇലക്ട്രോണിക് ഉപകരണങ്ങളും അതിലെ മാരകവും അല്ലാത്തതുമായ പലതരം ലോഹഭാഗങ്ങളും സൃഷ്ടിക്കുന്ന ഭീഷണിക്കു പുറമെ ഈ ലോഹങ്ങളുടെ ഖനനത്തിലും ഉല്പാദനത്തിലും പുറന്തള്ളുന്ന കാർബൺ ഡയോക്സൈഡും (23 ദശലക്ഷം ടൺ) ലോകത്തിന്റെ തലവേദനയാണ്. ഫലപ്രദമായ റീസൈക്ലിംഗ് മാത്രമാണ് മികച്ച പോംവഴിയെന്ന് വിദഗ്ധർ പറയുന്നു. പക്ഷെ ചൈനയിലും മറ്റും സംഭവിക്കുന്നതുപോലെ ഇലക്ട്രോണിക് ഉപകരണങ്ങളിലെ സ്വർണ്ണം ഉൾപ്പെടെയുള്ള വിലയേറിയ ലോഹങ്ങൾക്കായി നടത്തുന്ന അവിദഗ്ധ,രഹസ്യ റീസൈക്ലിംഗ് കൂടുതൽ മാരക വിഷങ്ങൾ ഉണ്ടാക്കുകയാണ് ചെയ്യുന്നതെന്നും അവർ ഓർമിപ്പികുന്നു. നേരെമറിച്ച് അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റീസൈക്ലിംഗിന് സർക്കാരുകൾ തന്നെ മുൻകൈയെടുക്കുകയാണെങ്കിൽ അത് ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനു പുറമെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വിലയേറിയ ലോഹങ്ങളെ തിരിച്ചുപിടിക്കുന്നതിനു സഹായിക്കുകയും ചെയ്യും.■

റിപ്പോർട്ട് www.unep.org-ൽ

**വാചകം**

സ്ത്രീകളുടെ അവകാശങ്ങൾ മനുഷ്യാവകാശങ്ങളാണ്. മനുഷ്യാവകാശങ്ങൾ സ്ത്രീകളുടെ അവകാശങ്ങളും.”

അമേരിക്കൻ വിദേശകാര്യ സെക്രട്ടറി ഹിലാരി ക്ലിന്റൺ. വനിതാ ദിനത്തോടനുബന്ധിച്ച്.



# പിയാനോയിലെ ഭാവഗീതങ്ങൾക്ക് രണ്ടു നൂറ്റാണ്ട്



ഫ്രിഡറിക് ഷോപിൻ

**വി**ഷാദത്തിന്റെ കടുംകയ്പ് ഊറിയിരുന്ന ആ ജീവിതത്തിൽ നിന്ന് തന്റെ പിയാനോയിലേക്ക് ഒഴുകിയതത്രയും തീവ്രവികാരങ്ങൾ നിറഞ്ഞ നനുത്ത ഭാവകാവ്യങ്ങളായതിൽ അതിശയിക്കാനില്ല. കാല്പനിക കാലത്തിന്റെ മഹാകവിയായ കീറ്റ്സിനെ പോലെ യൗവനത്തിന്റെ തുടിപ്പുകൾ തീരുംമുൻപേ ക്ഷയരോഗത്താൽ പിയാനോയിലെ മഹാകവി എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആ മഹാസംഗീതജ്ഞനും മരണത്തിലേക്ക് മറഞ്ഞതും യാദൃച്ഛികതയാകാം.

ബാഹിനും ബീഥോവനും മൊസാർട്ടിനും ശേഷം പാശ്ചാത്യ ക്ലാസിക്കൽ സംഗീതത്തിന്റെ യുഗപ്രഭാവൻമാരിലൊരാളായി മാറിയ ഫ്രിഡറിക് ഷോപിന്റെ ഇരുനൂറാം ജന്മശതാബ്ദി വർഷമാണിത്.(1810–1849). പോളണ്ടിൽ ജനിക്കുകയും റഷ്യൻ അധിനിവേശത്തിനെതിരെ ഉയർന്ന പോളിഷ് ദേശീയവാദത്തിന്റെ ഭാഗമായ നവംബർ ചെറുത്തുനില്പ് എന്ന് പോളിഷ് ചരിത്രത്തിൽ അറിയപ്പെടുന്ന പ്രതിരോധം തോൽവിയടഞ്ഞപ്പോൾ പാരീസിലേക്ക് കുടിയേറുകയും (കടുത്ത പോളിഷ് ദേശീയവാദിയായിരുന്നു അദ്ദേഹം) സംഗീതജ്ഞനെന്ന നിലയിൽ അവിടെ പ്രശസ്തിയുടെ നെറുകയിൽ എത്തുകയും ചെയ്തെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് നിറയെ ജന്മനാടായിരുന്നു. അതിന്റെ സൂചകമായി തന്റെ ഹൃദയം തന്നെയാണ് അദ്ദേഹം മരണപത്രത്തിലൂടെ ജന്മദേശത്തിന് കൈമാറിയത്– അക്ഷരാർത്ഥത്തിൽ തന്നെ. ഷോപിന്റെ മരണശേഷം സഹോദരി പോളണ്ടിലേക്ക് കൊണ്ടുപോയ ആ സംഗീതസാന്ദ്രമായ ഹൃദയം വാഴ്സയിലെ ഹോളിക്രോസ്സ് പള്ളിയുടെ തൂണുകളിലൊന്നിന്റെ അടിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഇന്നും പോളണ്ടിന്റെ ദേശീയ വികാരമാണ് ഷോപിൻ. രോഗങ്ങളും തീവ്രപ്രണയങ്ങളും പ്രണയനൈരാശ്യവും(ജോർജ് സാൻഡ് എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട പ്രശസ്ത എഴുത്തുകാരിയുമായുള്ള അഗാധപ്രണയത്തിന്റെ തകർച്ചയാണ് അദ്ദേഹത്തിന്റെ അകാലമരണത്തിനു കാരണമായതെന്നു കരുതുന്ന ജീവചരിത്രകാരൻമാരുമുണ്ട്) വിടാതെ പിന്തുടർന്ന അദ്ദേഹം ജീവിതമാർഗ്ഗം കണ്ടെത്തിയത് പ്രഭുകുടുംബങ്ങളിലെ കുട്ടികൾക്ക് ക്ലാസ്സെടുത്താണ്. സിംഫണികളുടെയോ ഓപ്പറകളുടെയോ ബൃഹദ് സംഗീതരൂപങ്ങളോട് യാതൊരു താല്പര്യവും കാണിക്കാതിരുന്ന ഷോപിൻ മൂന്ന് മുതൽ അഞ്ച് മിനിട്ട് വരെ മാത്രം ദൈർഘ്യമുള്ള ചെറു പിയാനോ പീസുകളാണ് സൃഷ്ടിച്ചത്. അത്തരം നൂറ്റിയെൺപതോളം സൃഷ്ടികളാണ് അദ്ദേഹത്തിന്റേതായുള്ളതെന്ന് സംഗീത ചരിത്രകാരൻമാർ കണക്കാക്കുന്നു. ബാഹിനെയോ ബീഥോവനെയോപോലെ പ്രാപഞ്ചികതയ്ക്കപ്പുറത്തേക്കുള്ള ഉയരങ്ങൾ കേറാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് ഷോപിൻ ഒരിക്കൽ പറഞ്ഞു. മനുഷ്യന്റെ ഹൃദയവും ആത്മാവുമാണ് തന്റെ പ്രപഞ്ചമെന്നും. ഷോപിന്റെ പിയാനോയിലെ കാവ്യങ്ങൾ ഇന്നും ജനപ്രിയമാവുന്നതും അതുകൊണ്ടാകാം. ■



ക്രിസ്ത്യാനോ റൊണാൾഡോ

## പണം ഒഴുകും ക്ലബ്ബുകൾ

**റൗ**ൾ,കാക്ക, ഏറ്റവുമൊടുവിൽ ക്രിസ്ത്യാനോ റൊണാൾഡോ–ലോകത്തെ ഏറ്റവും മുന്തിയ സൂപ്പർ താരങ്ങളും ശതകോടികളുടെ വരുമാനവും. റയൽ മാഡ്രിഡ്തന്നെയാണ് ഫുട്ബോൾ ക്ലബ്ബുകളിലെ മൂടിചൂടാമന്നൻമാർ. ഏറ്റവും ലാഭകരമായ ഇരുപത് സോക്കർ ക്ലബ്ബുകളിൽ ഒന്നാമത് ഈ സ്പാനിഷ് ക്ലബ്ബ് തന്നെയാണ്. 401.4 ദശലക്ഷമാണ് 2008–2009 ൽ അവരുടെ ലാഭം. രണ്ടാമതും ഒരു സ്പാനിഷ് ക്ലബ്ബാണ്. റയലിന്റെ ശത്രുക്കളായ ബാർസലോണ. മാഞ്ചസ്റ്റർ യുണൈറ്റഡും ബയേൺ മ്യൂണിക്കും അടുത്ത സ്ഥാനങ്ങളിലുണ്ട്. റഷ്യൻ കോടീശ്വരനായ റോമൻ അബ്രമോവിച്ചിന്റെ ഉടമസ്ഥതയിലുള്ള ചെൽസീയും ആദ്യത്തെ പത്ത് ക്ലബ്ബുകളിൽ ഉൾപ്പെടുന്നു. സാമ്പത്തിക മാന്ദ്യമൊന്നും വരുമാനത്തെ ബാധിക്കാത്ത 'കച്ചവട സ്ഥാപന'ങ്ങളായി മാറിയിരിക്കുന്നു ഫുട്ബോൾ ക്ലബ്ബുകളെന്ന് ധനകാര്യ പ്രസിദ്ധീകരണങ്ങൾ നിരീക്ഷിക്കുന്നു. ■